കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - കളമശ്ശേരി മുനിസിപ്പാലിറ്റി - 40 ശുചീകരണ തൊഴിലാളികളെ താൽകാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ )നം.3069/2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 13/12/2013

പരാമർശം:-

1. 20/06/2013 ലെ സഉ(സാധാ) നം. 1622/13/തസ്വാഭാവ സർക്കാർ ഉത്തരവ്
2. 05/10/2013 ലെ സഉ(സാധാ) നം. 2476/13/തസ്വാഭാവ സർക്കാർ ഉത്തരവ്
3. 08/11/2013 ലെ കളമശ്ശേരി മുനിസിപ്പൽ കൌൺസിലിന്റെ 73 ാം നമ്പർ തീരുമാനം.
4. കളമശ്ശേരി മുനിസിപ്പൽ ചെയർമാന്റെ 03/12/2013 ലെ കത്ത്.

**ഉത്തരവ്**

പരാമർശം 1ലെ ഉത്തരവ് പ്രകാരം ശുചീകരണ പ്രവർത്തനങ്ങൾക്കായി 30 ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ മൂന്ന് മാസത്തേക്ക് കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ നിയമിക്കാൻ അനുമതി നൽകിയിട്ടുള്ളതും പരാമർശം 2ലെ ഉത്തരവ് പ്രകാരം പ്രസ്തുത കാലാവധി മൂന്ന് മാസത്തേക്ക് കൂടി ദീർഘിപ്പിച്ച നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത 30 താൽകാലിക ശുചീകരണ തൊഴിലാളികളുടെ സേവന കാലാവധി അവസാനിക്കുന്ന മുറക്ക് 40(നാൽപത് ) ശുചീകരണ തൊഴിലാളികളെ 01/01/2014 മുതൽ താൽകാലികമായി ദിവസവേതന അടിസ്ഥാനത്തിൽ ആറ് മാസത്തേക്ക് നിയമിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിലേക്ക് ആവശ്യമായ ചെലവ് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണ്. താൽകാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചായിരിക്കണം പ്രസ്തുത നിയമനങ്ങൾ.മേൽ പറഞ്ഞ തൊഴിലാളികളെ കാലാവധി തീരുന്ന മുറക്ക് പിരിച്ച വിടേണ്ടതാണ്. പ്രസ്തുത താൽകാലിക ജീവനക്കാർക്ക് തങ്ങളുടെ സർവീസ് സ്ഥിരപ്പെടാൻ യാതൊരുവിധ അർഹതയും ഉണ്ടായിരിക്കുന്നതല്ല.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എസ്.വേണുഗോപാലൻ നായർ
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സെക്രട്ടറി, കളമശ്ശേരി മുനിസിപ്പാലിറ്റി.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ-പ്രകാരം**

**സെക്ഷൻ ഓഫീസർ**